മലയാള മനോരമ

# നശിപ്പിക്കാൻ വിട്ടുകൊടുക്കരുത് നീരയെ

## നോട്ടം

ഡോ. സി. മോഹൻകുമാർ



പട്ടിണിപ്പാവങ്ങളുടെ സമ്പന്ന രാജ്യം എന്ന് ഇന്ത്യയെ വിശേഷിപ്പിച്ച പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു സമ്പന്നത കണ്ടത് രാജ്യത്തിന്റെ വൈവിധ്യമാർന്ന പ്രകൃതിവിഭവങ്ങളിലായിരുന്നു. പുതിയ ഊർജസ്രോതസ്സുകളെ അന്വേഷിച്ചുള്ള ആധുനിക ശാസ്ത്ര ഗവേഷണങ്ങളിൽ ലോകരാഷ്ട്രങ്ങൾ ശ്രദ്ധപതിപ്പിക്കുമ്പോൾ നമുക്കുമാത്രം സ്വന്തമായുള്ള പ്രകൃതിസമ്പത്തിനെ പരമാവധി പ്രയോജനപ്പെടുത്തി എന്തുകൊണ്ടു സ്വയംപര്യാപ്തത കൈവരിച്ചുകൂടാ എന്ന ചിന്ത പുതിയ ചർച്ചകൾക്കു കേരളത്തിൽ വഴിയൊരുക്കുന്നു.

തെങ്ങിൻകുമ്പിൽ നിന്നു നീര എന്ന ആശയത്തിനു കേരളത്തിൽ വർഷങ്ങളോളം പഴക്കമുണ്ട്. കുമ്പിൽ നിന്ന് ഊറിവരുന്നതു കള്ളാണെന്നു സാധാരണക്കാരന്റെ മനസ്സിൽ പരമ്പരാഗതമായി പതിഞ്ഞ നാട്ടറിവിനെ പെട്ടെന്നു മാറ്റിയെടുക്കാൻ പ്രയാസമാണ്. പക്ഷേ, ശാസ്ത്രീയമായി പറഞ്ഞാൽ തെങ്ങു തരുന്നതു മധുരവും പോഷകഗുണവുമുള്ള നീരയാണ്, അല്ലാതെ ചാരായത്തിന്റെ അംശമടങ്ങിയ കള്ളല്ല.

നീരയെ ഒരു ഹരിത പോഷക പാനീയമാക്കി മാറ്റുന്നതിനായി അവലംബിച്ച ശാസ്ത്ര ഗവേഷണ പഠനങ്ങളുടെയെല്ലാം പ്രേരകശക്തി നാളികേര വികസന ബോർഡ് ആണ്. ആരോഗ്യ പാനീയമെന്ന നിലയിൽ നീരയുടെ പോഷകഗുണങ്ങൾ തനതായി നിലനിർത്താൻ നിലവിലുള്ള സാങ്കേതിക വിദ്യകൾക്കപ്പുറം ബോർഡ് കൊണ്ടുവന്ന ശാസ്ത്ര ഇടപെടലിന്റെയും വിപണന തന്ത്രത്തിന്റെയും ഫലമാണ്, എസ്സിഎംഎസ് ബയോടെക്നോളജി ഗവേഷണവിഭാഗം തയാറാക്കിയ കൈപ്പുഴ നീര. കൈപ്പുഴ നാളികേര ഉൽപാദക കമ്പനി വിപണിയിലിറക്കിയ കൈപ്പുഴ നീര, ശീതീകരണപ്രക്രിയ ആവശ്യമില്ലാത്ത അന്തരീക്ഷ ഊഷ്മാവിൽ വിപണിപിടിച്ച ആദ്യ നീരയാണ്.

ഈ നേട്ടത്തിന്റെ അവസാനത്തെ കണ്ണിയാണ്, ഗവേഷണാടിസ്ഥാനത്തിൽ ബോർഡും എസ്സിഎംഎസും ഒരുമിച്ചു സ്ഥാപിച്ച നീര ശേഖരണ - സംസ്കരണ പ്ലാന്റ്. 500 ലീറ്റർ ശേഷിയുള്ള നീര പ്ലാന്റിൽ നീരയുടെ സംസ്കരണം സുഗമമായി നടക്കുന്നുണ്ട്.

ഉത്തമ പോഷക പാനീയമെന്ന നിലയിൽ നീരയ്ക്കു പുത്തനുണർവു കൈവന്നപ്പോഴാണു പുതിയ ബോർഡുകളും കോർപറേഷനുകളും നീരയുടെ പിതൃത്വവും വളർത്തലും ഏറ്റെടുക്കാൻ ഭരണതലത്തിൽ മത്സരം ആരംഭിച്ചത്.

കേരളത്തിൽ നാളികേര പുരോഗതിയെ ലക്ഷ്യംവച്ചു കേരള സർക്കാരിന്റെ മേൽനോട്ടത്തിലുള്ള സ്ഥാപനങ്ങളാണു കേരഫെഡും കേരള നാളികേര വികസന കോർപറേഷനും. പാപ്പരത്തം പ്രഖ്യാപിച്ചു പ്രവർത്തനം നിർത്തിയ കേരള നാളികേര വികസന കോർപറേഷൻ ഇപ്പോൾ ഉയിർത്തെഴുന്നേൽക്കാൻ ശ്രമിക്കുന്നതു നീരയുടെ പുതിയ കരിയർ ഗ്രാഫ് സ്വപ്നം കണ്ടുകൊണ്ടാണ്. മരിച്ചെന്നും മരിച്ചില്ലെന്നും പറയുന്ന നാളികേര വികസന കോർപറേഷന്റെ നീരയോടുള്ള ആസക്തിയും ആഭിമുഖ്യവും സംശയം ജനിപ്പിക്കുന്നുണ്ട്.

ശാസ്ത്രീയമായ ശേഖരണ - സംസ്കരണ രീതിയെ അവലംബിച്ചുകൊണ്ടു മാത്രമേ നീരയുടെ ഉൽപാദനവും വിപണനവും വിജയപ്രദമായി സാധ്യമാകൂ. അതുകൊണ്ടുതന്നെ 'നീര വിറ്റ്' കടംവീട്ടി പണക്കാരനാകാൻ ആഗ്രഹിക്കുന്ന 'പഴയ' കോർപറേഷൻ സൂക്ഷിക്കുക, നീര വെറും കച്ചവട പാനീയമല്ല, ശ്രദ്ധയോടെ ചെയ്യേണ്ടുന്ന 'സേവനം' ആണ്. ഇവിടെയാണു നാളികേര വികസന ബോർഡ് (സിഡിബി) എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ പ്രസക്തിയും വലുപ്പവും മനസ്സിലാക്കേണ്ടത്. കർമംകൊണ്ടു കേരളത്തിൽ നീരയുടെ 'ഗോഡ്ഫാദർ' നാളികേര വികസന ബോർഡാണ്. ബോർഡിന്റെ സമയോചിതമായ ഇടപെടലുകൾ കൊണ്ടാണു നീര ഇത്രയ്ക്കു വിജയംകണ്ടത്.

വെറും ആൾക്കൂട്ടങ്ങളായ പഴയ കോർപറേഷനുകൾക്കു നശിപ്പിക്കാൻ വിട്ടുകൊടുക്കേണ്ടതല്ല നീരയുടെ ഉൽപാദന - വിപണന തന്ത്രം. അതു നാളികേര വികസന ബോർഡ് പോലെ കാര്യപ്രാപ്തിയുള്ള സ്ഥാപനങ്ങൾ ശാസ്ത്ര ഇടപെടലോടെ നടത്തേണ്ട ഒന്നാണ്. അതിലേക്കു നമ്മുടെ ഭരണകർത്താക്കളുടെ ശ്രദ്ധ തിരിയുമെന്നു പ്രത്യാശിക്കുന്നു.

> **'നീര വിറ്റ്' കടംവീട്ടി പണക്കാരനാകാൻ ആഗ്രഹിക്കുന്ന 'പഴയ' കോർപറേഷൻ സൂക്ഷിക്കുക, നീര വെറും കച്ചവട പാനീയമല്ല, ശ്രദ്ധയോടെ ചെയ്യേണ്ടുന്ന 'സേവനം' ആണ്**

(കൊച്ചിയിലെ എസ്സിഎംഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജി ഡയറക്ടർ ആണു ലേഖകൻ)